[Mr. P. Govinda Menon]

(ഡി) വിതരണം പൂർത്തിയാകാത്ത സ്കൂളുകളെപ്പറ്റി വിവരവും കാരണങ്ങളെ അടിസ്ഥാനപ്പെടുത്തി നടപടിയും എടുത്തുകൊണ്ടിരിക്കുകയാണ്.

(ഇ) 'ഡി' യുടെ ഉത്തരം നോക്കുക.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: അധികൃത കൂട്ടികൾക്കുള്ള പുസ്തകങ്ങൾ ഏതു മാസത്തിനുള്ളിൽ കൊടുക്കണമെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുസ്തകങ്ങളെല്ലാം ഉടനെ കൊടുക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: പുസ്തകങ്ങൾ കൊടുക്കുന്ന കായ്ത്തിൽ ഇവരോട് Agreement എഴുതി വാങ്ങിച്ചിട്ടുള്ളതു് എത്ര മാസത്തിനുള്ളിൽ കൊടുക്കണമെന്നാണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് നോട്ടീസ്സ് വേണം.

മിസ്റ്റർ പി.കെ. ഡീവർ: ഈ വ്യവസ്ഥ ലംഘിച്ചതിനു വല്ല നടപടിയും എടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വ്യവസ്ഥ ലംഘിച്ചിട്ടുണ്ടോ, ഇല്ലയോ എന്നു അറിയുകയില്ല. ഇപ്പോൾ അതു പരിശോധിച്ചുവരികയാണ്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഇതിൽ ഒരു ക്ലിപ്തമാസത്തിനുള്ളിൽ എന്നുള്ളതു് എത്രമാസത്തേക്കാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഇതിൽ രണ്ടു കൂട്ടക്കാണ് കൺട്രാക്ട് കൊടുത്തിട്ടുള്ളതായിട്ടു കാണുന്നതു്. എന്നാൽ ഈ രണ്ടു കൂട്ടരും സമയത്തിനു് കൊടുത്തിട്ടില്ലെന്നു് അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എല്ലാ ഭാഗത്തുനിന്നും ആക്ഷേപം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: കിട്ടിയിടത്തോളം പുസ്തകങ്ങൾ വിതരണം ചെയ്യുകയും, പിന്നീടു വിതരണം ചെയ്യുവാനുള്ള പുസ്തകങ്ങൾ കിട്ടാത്തതുകൊണ്ടു് വിതരണം ചെയ്യാത്തതാണെന്നും Co-operative Society ക്കാർ പറയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതൊക്കെയാണ് അന്വേഷിച്ചുവരുന്നതു്.

മിസ്റ്റർ എം. ഐ. പോൾ: ഗോമതിയും, സുന്ദരയ്യർ & സൺസ്സുമായി വല്ല ബന്ധവുമുള്ളതായി അറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിനു് അതു് അറിവില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: കൺട്രാക്ടർമാർ പുസ്തകങ്ങൾ സമയത്തിനു് കൊടുക്കാത്തതു കാരണം, കൂട്ടികൾ പുസ്തകങ്ങൾ വിലകൊടുത്തു വാങ്ങിച്ചിട്ടുണ്ടു്. അങ്ങിനെ വാങ്ങിച്ചിട്ടുള്ള പുസ്തകങ്ങളുടെ വില കൺട്രാക്ടരെകൊണ്ടു മടക്കിക്കൊടുപ്പിക്കുവാൻ ദയവുണ്ടാകുമോ?

മാസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു നിർദ്ദേശം ഇതേവരെ വന്നിട്ടില്ല. അങ്ങിനെയുള്ള ആക്ഷേപങ്ങൾ കിട്ടിയാൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ എം. ഐ. പോൾ: സുന്ദരയ്യർ & സൺസ്സ് ഇതിന്റെ കൺട്രാക്ട് തുടങ്ങിയിട്ട് എത്ര കൊല്ലമായിട്ടുണ്ടു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറച്ചു കാലങ്ങളായിട്ട് സുന്ദരയ്യർ & സൺസ്സാണ് പുസ്തകങ്ങൾ കൺട്രാക്ട് എടുക്കാറുള്ളതു്.

മിസ്റ്റർ എം. ഐ. പോൾ: ഇനിയെങ്കിലും ഈ ഏർപ്പാടു് നിർത്തിക്കൂടേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

## ANTI-EROSION MEASURES AT KUMBALANGHI AND CHELLANAM AREA

208. (185) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവു മറുപടി പറയുമോ.—

(എ) കുമ്പളങ്ങി, ചെല്ലാനം കടലാക്രമണനിവാരണത്തിനായി ഒരു മൈൽ നീളം കൽച്ചിറ ഇടുവാൻ എത്ര രൂപ വരും;

(ബി) ആദ്യകാലങ്ങളിൽ ഇട്ട കൽച്ചിറകൾ എത്രയെണ്ണം കടലിന്നടിയിലായിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സംരക്ഷണപദ്ധതി ഗവണ്മെണ്ടിൽനിന്നു് നേരിട്ടു നടത്തുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ൨, ൬൭, ൦൦൦ ക. വേണ്ടിവരും.

(ബി) ഒരു ചിറയും കടലിന്നടിയിൽ പോയിട്ടില്ല. ചിലതെല്ലാം തിരകളടിച്ചു കേടുവന്നിട്ടുണ്ടു്.

(സി) സാധിക്കാഞ്ഞിട്ടല്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: എത്ര കാലമായി കടലാക്രമണത്തെ തടയുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങിയിട്ടു്?

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നു നാലു് കൊല്ലമായിട്ടുണ്ടു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ അടുത്ത കാലങ്ങളായിട്ടു് ചെല്ലാനം, മറവക്കാടു്, കണ്ടക്കടവു്, അണ്ടിക്കടവു്, ചെറിയ കടവു് മുതലായ ഭാഗങ്ങളിൽ, കര കടലെടുത്തുപോകുന്നതായിട്ടു് അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ചില സ്ഥലങ്ങളിൽ കൽച്ചിറയിട്ടു് ഉറപ്പിക്കുവാൻ ആറും, എഴും കൊല്ലം വേണ്ടിവരും. പിന്നെ കടൽ എടുത്തു പോകുന്നു എന്നു വിചാരിച്ചു് അതെല്ലാം തടയുവാൻ ഗവണ്മെണ്ടിനു നിവർത്തിയില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ആദ്യകാലത്തു് കെട്ടിയ ചിറകളും ഇപ്പോൾ കടലിന്റെ അടിയിലാണെന്നതിനെപ്പറ്റി അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഗ്രോയിൻസ്സു്(Groynes)ഇട്ടിട്ടാണു് ചിറപിടിപ്പിച്ചിട്ടുള്ളതു്. അതു പോയിട്ടില്ലെന്നാണു് അറിവു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഇനി എത്ര മൈൽ ദൂരത്തേക്കു ചിറ കെട്ടുവാനുണ്ടു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഒന്നു രണ്ടു മൈൽ ദൂരം മാത്രമേയുള്ളു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവർമ്മെണ്ടിനു് ഇതു നേരിട്ടു നടത്തുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇങ്ങിനെയുള്ള വേലകളൊക്കെ മിക്കവാറും കൺട്രാക്ടു് കൊടുക്കുകയാണു് പതിവു്. ഗവണ്മെണ്ടിൽനിന്നു് നേരിട്ടു നടത്തുകയാണെങ്കിൽ ചിലപ്പോൾ ലാഭവും, ചിലപ്പോൾ നഷ്ടവും ഉണ്ടായേക്കാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവണ്മെണ്ടിൽ നിന്നു് നേരിട്ടു നടത്തുവാൻ സാധിക്കാത്തപക്ഷമല്ലാതെ കൺട്രാക്ടരെക്കൊണ്ടു് ഇത്തരം പണികളും ചെയ്യിക്കാതിരിക്കുവാനും കൺട്രാക്ടരെക്കൊണ്ടു് ചെയ്യിക്കേണ്ടിവന്നാൽ ആ വക പണികളും കൊണ്ടു് ശരിയായ ഉപയോഗമുണ്ടാകത്തക്കവണ്ണം പണി ചെയ്യിക്കുവാനും വേണ്ട നടപടികളും എടുക്കുവാൻ ഗവണ്മെണ്ടിനു് ഭയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ആലോചിക്കാം.

## RECRUITMENT OF TEACHERS TO AIDED SCHOOLS—DETAILS REGARDING

209. (355) **Mr. A. K. Sankunny** *(Nominated)*: Will Government be pleased to state.—

(*a*) whether there is a rule to the effect that in the matter of recruitment of teachers to aided schools trained hands and permit holders should be preferred to untrained hands an those who do not possess a permit;

(*b*) whether the Government are aware of instances where the Managers of aided schools have appointed untrained hands when there were applications from trained hands and permit holders;

(*c*) whether such instances have been brought to the notice of the Government before; if so, what action has the Government taken to avoid such injustices?

**Mr. C. A. Ouseph** (*Minister for Education and Public Health*):

(*a*) Yes.

(*b*) A few such instances have come to the Government's notice.

(*c*) When complaints were received the Government have examined these cases. Without reference being made to concrete instances, it is not possible now to say what steps were taken.

LIBRARY ARCHIVES Kerala Legislative Assembly